(ബി) ഇപ്രകാരം നിലവിൽ ഏതെല്ലാം നഗരസഭാ പ്രദേശങ്ങളിൽ ഇതിനായി സ്ഥലം ഏറ്റെടുക്കുകയോ,പൊതു ശ്മശാനങ്ങൾ നിർമ്മിക്കപ്പെടുകയോ ചെയ്തിട്ടുണ്ടെന്ന് പറയാമോ;

(സി) വരും നാളുകളിൽ നഗരസഭാ കോർപ്പറേഷൻ പ്രദേശങ്ങളിൽ മൃതശരീരം സംസ്കരിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ കൂടുമെന്നിരിക്കേ എല്ലാ നഗരസഭകളിലും ആവശ്യത്തിന് പൊതുശ്മശാനങ്ങൾ ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) കേരള മുനിസിപ്പാലിറ്റി നിയമപ്രകാരം പൊതു ശ്മശാനങ്ങൾ സ്ഥാപിക്കുന്നത് നഗരസഭകളുടെ അനിവാര്യ ചുമതലയാണ്. പൊതു ശ്മശാനങ്ങൾ ഇല്ലാത്ത നഗരസഭകളിൽ ആയത് സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് നിലവിൽ 56 നഗരസഭകളിൽ പൊതുശ്മശാനം നിർമ്മിച്ചിട്ടുണ്ട്. ശേഷിക്കുന്ന നഗരസഭകളിൽ സ്ഥലമെടുപ്പ് പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ശ്മശാന നിർമ്മാണത്തിനുള്ള ഫണ്ട് മാത്രമാണ് സർക്കാർ നൽകുന്നത്.

(സി) എല്ലാ നഗരസഭകളിലും പൊതു ശ്മശാനങ്ങൾ നിർമ്മിക്കുക എന്ന ലക്ഷ്യത്തോടുകൂടി "നഗരപ്രദേശങ്ങളിൽ വാതക ശ്മശാനങ്ങളുടെ നിർമ്മാണം" പദ്ധതി നടപ്പിലാക്കിവരുന്നു.

ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് നഗരസഭകൾക്ക് ഗ്രാന്റ്

98 (1569) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ഏതെല്ലാം നഗരസഭകൾക്കാണ് പ്രത്യേക ഗ്രാന്റുകൾ അനുവദിച്ചിട്ടുള്ളതെന്നും. ഇതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം എന്താണെന്നും ഏതെല്ലാം ആവശ്യങ്ങൾ നടപ്പാക്കുന്നതിനാണ് പ്രസ്തുത ഗ്രാന്റ് അനുവദിക്കുന്നതെന്നും വ്യക്തമാക്കുമോ ;

(ബി) ശബരിമല തീർത്ഥാടനത്തിന്റെ ഇടത്താവളമായി തെരഞ്ഞെടുത്തിട്ടുള്ള വൈക്കം ക്ഷേത്രം ഉൾപ്പെടുന്ന വൈക്കം നഗരസഭയ്ക്ക് പ്രസ്തുത ഗ്രാന്റ് അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)

വർഷം	നഗരസഭകൾ	തുക (രൂപ)
2015-16	ചെങ്ങന്നൂർ	25,00,000
	പത്തനംതിട്ട	25,00,000
	തിരുവല്ല	10,00,000
	ഏറ്റുമാനൂർ	10,00,000
	പാല	10,00,000

തീർത്ഥാടകർ വൻതോതിൽ എത്തിച്ചേരുന്ന പ്രസ്തുത പ്രദേശങ്ങളിൽ കുടിവെള്ളം, ശൗചാലയങ്ങൾ, വിശ്രമസ്ഥലം, പാർക്കിംഗ് സൗകര്യം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ശുചീകരണ പ്രവർത്തനങ്ങൾക്കും വേണ്ടിയാണ് സ്പെഷ്യൽ ഗ്രാന്റ് അനുവദിച്ചുവരുന്നത്.

(ബി) ഇല്ല. മേൽപ്പറഞ്ഞ നഗരസഭകൾക്കല്ലാതെ മറ്റ് നഗരസഭകൾക്കൊന്നും ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ഈ സീസണിൽ പ്രത്യേക ഗ്രാന്റ് അനുവദിച്ചിട്ടില്ല. മറ്റ് നഗരസഭകൾക്ക് ഗ്രാന്റ് അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

ആലപ്പുഴ നഗരസഭയുടെ മുറിവാടക നിരക്ക്

99 (1570) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗര ചത്വരത്തിന് സമീപമുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന നീലിമ കോളേജിന് എത്ര മുറികളാണ് നൽകിയിട്ടുള്ളതെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് നഗരസഭയിൽ എത്ര തുകയാണ് വാടകയിനത്തിൽ ലഭിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനവും നഗരസഭയും ഇതിൽ എന്നാണ് കരാറിൽ ഏർപ്പെട്ടത്; കരാറിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഡി) ആലപ്പുഴ ബീച്ചിനോടനുബന്ധിച്ചുള്ള റിക്രിയേഷൻ ഗ്രൗണ്ടിന് സമീപത്തെ നഗരസഭയുടെ കെട്ടിടത്തിൽ ഇപ്പോൾ എന്തെങ്കിലും സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഏതാണെന്നും അവരുമായുള്ള കരാറിന്റെ വിശദാംശവും, കാലാവധിയും പ്രത്യേകം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly